"ഭരണഭാഷ-മാതൃഭാഷ"
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം-695 033
ഫോൺ: 0471-2304594, 0471-2303229, ഫാക്സ്: 0471-2302990, ഇ-മെയിൽ: keralatribes@gmail.com

നമ്പർ പി.എം3-19290/19 തീയതി: 11.03.2020

# Request for proposal

വസ്ത്ര നിർമ്മാണമേഖലയിലെ നൈപുണ്യ വികസന പരിശീലകരെ എംപാനൽ ചെയ്യുന്നതിനുവേണ്ട് പട്ടികവർഗകുടുംബത്തിലെ ഒരാൾക്ക് ഒരു ജോലി എന്നത് വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്തുടനാളം അപ്പാരൽ മേഖലയിലെ പരിശീലനത്തിനായി യോഗ്യരായ പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചുവടെ വിവരിക്കുന്ന രേഖകൾ സഹിതം തയ്യാറാക്കിയ അപേക്ഷ ലഭിക്കേണ്ട **അവസാന തീയതി** ~~16/03/2019~~ 18/3/2020

**പരിശീലന മേഖല** - വസ്ത്ര നിർമ്മാണം

**പരിശീലനത്തിന്റെ ഉദ്ദേശം** - വനിതകൾക്ക് വിവിധ തരത്തിലുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ പരിശീലനം നൽകി അവരെ സ്വയം സംരംഭകരാക്കുക.

**സിലബസ്** - സ്കൂൾ യൂണിഫോം, ചുരിദാർ സെറ്റ്, നൈറ്റി, ബ്ലൗസ്, ആശുപത്രി വസ്ത്രങ്ങളായ ഡോക്ടേഴ്സ് കോട്ട്, നഴ്സസ് കോട്ട്, രോഗികൾക്കുള്ള ഗൗൺ, മാസ്ക്, തൊപ്പി, കൈ ഉറ, ലേഡീസ് ബാഗ്, ഷോപ്പിംഗ് ബാഗ്, കുട്ടികളുടേയും സ്ത്രീകളുടേയും വസ്ത്രങ്ങൾ, തുടങ്ങി ഏതു തരം വസ്ത്രങ്ങളും തയ്ക്കുന്നതിനും, അളവ്, പാറ്റേൺ മേക്കിംഗ് സാരി ഡിസൈനിംഗ്, ഓർണമെന്റേഷൻ എന്നിവ ഉൾപ്പെടുന്നതാണ് പരിശീലന സിലബസ്. കൂടാതെ ഹാന്റ് എംബ്രോയിഡറി, മെഷീൻ എംബ്രോയിഡറി, ഫാബ്രിക് പെയിന്റ്, സ്ക്രീൻ പ്രിൻഡിംഗ് തുടങ്ങി സാങ്കേതിക പരിജ്ഞാനം പരിശീലനാർത്ഥികൾക്ക് പരിശീലന സ്ഥാപനം നൽകേണ്ടതാണ്.

പരിശീലന സ്ഥാപനത്തിനു വേണ്ട യോഗ്യതകൾ സർക്കാർ / അർദ്ധസർക്കാർ / തദ്ദേശ സ്വയ ഭരണ സ്ഥാപങ്ങളുടെ അപ്പാരൽ മേഖലയിലെ പരിശീലനം നടത്തിയുള്ള ഏറ്റവും കുറഞ്ഞത് എട്ട് വർഷത്തെ പ്രവർത്തി പരിചയം

1. സർക്കാർ/അർദ്ധ സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിൽ അപ്പാരൽ മേഖലയിലെ പരിശീലനം നടത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞത് എട്ട് വർഷത്തെ പ്രവർത്തി പരിചയം.
2. സർക്കാർ/അർദ്ധ സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സംസ്ഥാന അടിസ്ഥാനത്തിൽ അപ്പാരൽ മേഖലയിൽ എം.പാനൽ ചെയ്ത സ്ഥാപനമായിരിക്കണം

3. ഓരോ ജില്ലയിലും വകുപ്പ് നിർദ്ദേശിക്കുന്ന സ്ഥലത്ത് പരിശീലനത്തിനായി പരിശീലന കാലയളവിൽ പൂർണ്ണമായും ഏറ്റവും കുറഞ്ഞത് 15 സാധാരണ തയ്യൽ മെഷീൻ, 5 പവർ മെഷീൻ, മൂന്ന് തറികൾ എന്നിവ സ്വന്തമായി സജ്ജീകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം പരിശീലന സ്ഥാപനത്തിന് ഉണ്ടായിരിക്കണം. ഓരേ കാലയളവിൽ ഒന്നിലധികം ജില്ലകളിൽ പരിശീലനം നടത്തേണ്ടി വരുകയാണെങ്കിൽ പ്രസ്തുത പരിശീലന കേന്ദ്രങ്ങളിലെല്ലാം ടി സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
4. 5 ലക്ഷത്തിലധികം തുകയുടെ അടങ്കലുള്ള അപ്പാരൽ മേഖലയിൽ പരിശീലനം നടത്തിയുള്ള പരിചയ സമ്പത്ത്
5. മൂന്ന് മാസമോ അതിലധികമോ കാലദൈർഘ്യമുള്ള അപ്പാരൽ മേഖലയിൽ പരിശീലനം നടത്തിയുള്ള പരിചയം
6. അപ്പാരൽ മേഖലയിലോ മറ്റ് ഏതെങ്കിലും പരിശീലന മേഖലകളിലോ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ട സ്ഥാപനമാകരുത്.
7. 20 പരിശീനാർത്ഥികൾക്ക് ഒരു പരിശീലകയും, ഒരു കട്ടിംഗ് മാസ്റ്ററും ഓരോ പരിശീലന കേന്ദ്രത്തിലും ഉണ്ടാകണം. പരിശീലകരുടെ പൂർണ്ണമായ ലിസ്റ്റ് സ്ഥാപനം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
8. 2018-19 വരെ മൂന്ന് വർഷത്തെ ആഡിറ്റ് റിപ്പോർട്ട്
9. വസ്ത്രങ്ങളും, കരകൗശല വസ്തുക്കളും വിപണനം നടത്തുന്നതിനുള്ള പരിചയം
10. പട്ടികവർഗ്ഗ മേഖലയിൽ സമാന രീതിയിൽ പരിശീലനം നൽകിയ മുൻപരിചയമുണ്ടായിരിക്കണം.

ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ - 0471 2303229

**ഫോൺ നം.** - **0471-234594**

**ടോൾഫ്രീ നം.** - **18004252312**

വിശ്വസ്തതയോടെ,
ഒപ്പ്/-
ഡയറക്ടർ

ആജ്ഞാനുസരണം

ഷൂലിൻ.എസ്.ബാബു.
അസിസ്റ്റന്റ് ഡയറക്ടർ(വിദ്യാഭ്യാസം)
ഡയറക്ടർക്കുവേണ്ടി

പകർപ്പ് : ബി1- സീറ്റ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് വേണ്ടി)

കെ.ജെ.